# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1255**.

**06-03-2018 ൽ മറുപടിയ്ക്ക്**

## ആലത്തൂർ മണ്ഡലത്തിലെ നെൽകൃഷി

**ചോദ്യം**

ശ്രീ.കെ.ഡി. പ്രസേനൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആലത്തൂർ മണ്ഡലത്തിൽ എത്ര ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട് എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; | (എ) | ആലത്തൂർ മണ്ഡലത്തിലെ ഏഴ് കൃഷി ഭവന്റെ പരിധിയിലായി 7810 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു.<br><br>ആലത്തൂർ — 950 ഹെക്ടർ<br>എരിമയൂർ — 2220 ഹെക്ടർ<br>കിഴക്കഞ്ചേരി — 1000 ഹെക്ടർ<br>മേലാർകോട് — 800 ഹെക്ടർ<br>വണ്ടാഴി — 600 ഹെക്ടർ<br>കുഴൽമന്ദം — 1200 ഹെക്ടർ<br>തേങ്കുറിശ്ശി — 1040 ഹെക്ടർ<br>**ആകെ — 7810 ഹെക്ടർ** |
| (ബി) | നെൽ കൃഷി വ്യാപനത്തിനായി എന്തെല്ലാം നടപടി സ്വീകരിക്കാനായെന്ന് വിശദമാക്കുമോ? | (ബി) | ആലത്തൂർ നിയോജക മണ്ഡലത്തിൽ തരിശുനില കൃഷിയും നെൽകൃഷിയുമായി 'നിറ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി അസിസ്റ്റന്റ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസർ ആയി നിയോഗിച്ചിട്ടുണ്ട്. നെൽ കൃഷി വ്യാപനത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. പരിസ്ഥിതി സൗഹൃദ കൃഷി നടപ്പിലാക്കി.<br>2. തെരഞ്ഞെടുത്ത പാടശേഖരങ്ങളിൽ യന്ത്രവത്കരണം നടത്തി.<br>3. വിള ജല കലണ്ടർ രൂപീകരിച്ചു.<br>4. ചേരാമംഗലം ഇറിഗേഷൻ പദ്ധതിയുടെ കനാലിന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കി ഭാവിയിൽ ചെയ്യാനുള്ള കനാൽ റിപ്പയർ, സ്ലൂയിസ് റിപ്പയർ എന്നിവയുടെ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു.<br>5. കൊയ്ത്തിന് ഒരു കൈത്താങ്ങ് എന്ന നിറ പദ്ധതിയിൽ കൊയ്ത്ത് യന്ത്രങ്ങളുടെ വാടക ഏകീകരിച്ചു. |

| | | | |
|---|---|---|---|
| | | | 6. നിലം ഒരുക്കുന്നതിനു നിറ പദ്ധതിയിലൂടെ തൊഴിലുറപ്പ് പദ്ധതികളുമായി സഹകരിച്ചു കൊണ്ട് കൃഷിക്കാരുടെ പാടങ്ങളിൽ വരമ്പ് മാടൽ നടത്തി.<br>7. തരിശായി കിടക്കുന്ന സ്ഥലങ്ങളുടെ സർവ്വേ നടത്തുകയും തരിശ് നിലങ്ങളിൽ കൃഷി ചെയ്യാൻ ആരംഭിക്കുകകയും ചെയ്തു.<br>8. നെൽകർഷകർക്ക് സുസ്ഥിര നെൽകൃഷി വികസനം, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളിലൂടെ ധനസഹായം നൽകുന്നു.<br>9. കരനെൽകൃഷി ചെയ്യുന്നു.<br>10. സോയിൽ ആന്റ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ് പദ്ധതിയിൽ 75% സബ്സിഡി നിരക്കിൽ കുമ്മായവും, സൂക്ഷ്മ മൂലകങ്ങൾ 50% സബ്സിഡി നിരക്കിലും നൽകുന്നു.<br>11. എൻ.എഫ്.എസ്.എം. പദ്ധതിയിൽ കുറ്റി പമ്പ്, പമ്പ് സെറ്റ്, കോണോവീഡർ തുടങ്ങിയവ 50% സബ്സിഡി നിരക്കിലും നൽകുന്നു.<br>12. ആത്മ, ലീഡ്സ് പദ്ധതികളിൽ ഫാം സ്കൂൾ, പ്രദർശന വിള എന്നിവ നടപ്പിലാക്കുന്നു.<br>13. സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി റൈസ് മില്ല്, റൈസ് ഇന്നൊവേഷൻ, പ്രോജക്ട് ബേസ്ഡ് റൈസ് കൾട്ടിവേഷൻ എന്നിവ നടപ്പിലാക്കുന്നു.<br>14. നെൽകർഷകർക്ക് സീസണിൽ ഹെക്ടറിന് 1000/- രൂപ നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നു.<br>15. നെൽവിത്ത്, ഉഴവുകൂലി എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതത്തിൽ വകയിരുത്തി നൽകുന്നു.<br>16. സേഫ് ടു ഈറ്റ് എന്നതിനായി പരിസ്ഥിതി സൗഹൃദ കൃഷി നടപ്പിലാക്കി.<br>17. MNREGS പദ്ധതിയുമായി ചേർന്ന് പാടശേഖരങ്ങളിലെ വരമ്പുമാടൽ തുടങ്ങിയവ നടത്തുന്നു.<br>18. 2018-19 വർഷത്തിലേയ്ക്ക് തരിശുരഹിത നിയോജക മണ്ഡലമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ